പ്രൊഫ. എ. വി. താമരാക്ഷൻ : മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്കുള്ള ലംപ്സം ഗ്രാന്റ് യഥാസമയം കൊടുക്കുന്നതിനും കുടിശ്ശികയുള്ള 13 മാസത്തെ വാർദ്ധക്യകാല പെൻഷൻ കൊടുക്കാനും അതുപോലെ ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കി 11-ാം ധനകാര്യ കമ്മീഷന്റെയും മറ്റ് ധനകാര്യ ഏജൻസികളുടെയും സഹായം തേടാനുമുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

ശ്രീ. ടി. കെ. രാമകൃഷ്ണൻ : വാർദ്ധക്യകാല പെൻഷൻ അടക്കം മത്സ്യത്തൊഴിലാളികൾക്ക് കൊടുക്കാനുള്ള കുടിശ്ശിക യഥാസമയം കൊടുക്കാനുള്ള നടപടികളാണ് ഗവൺമെന്റ് എടുത്തുവരുന്നത്. രണ്ടാമത് പറഞ്ഞ ചോദ്യത്തിന് ആലോചിച്ചു മാത്രമേ മറുപടി പറയാൻ പറ്റൂ.

III സബ്മിഷൻ

(1) കീഴ്വായ്പൂരിലെ മോഹനൻ എന്ന ആളിന്റെ മരണം സംബന്ധിച്ച് രജിസ്റ്റർ ചെയ്ത കേസ്

ശ്രീ. ഉമ്മൻ ചാണ്ടി : കീഴ്വായ്പ്പൂർ പോലീസ് കസ്റ്റഡിയിൽ ഇല്ലത്തു വീട്ടിൽ മോഹൻ മരിച്ച കാര്യം ഈ സഭയിൽ ഇതിനുമുൻപ് ചർച്ച ചെയ്തു. അന്ന് മുഖ്യമന്ത്രി പറഞ്ഞ പല കാര്യങ്ങളും വസ്തുതകൾക്ക് നിരക്കാത്തതാണ്. ഞാൻ ആ സ്ഥലത്ത് മോഹനന്റെ വീട്ടിൽ പോയി, മോഹനനെ നാട്ടുകാർ പിടിച്ചേൽപ്പിച്ച സ്ഥലത്തുപോയി, നാട്ടുകാരെ കണ്ടു, ഇതിനുമുൻപും കേരളത്തിൽ പോലീസ് കസ്റ്റഡിയിൽ മരണമുണ്ടായിട്ടുണ്ട്. പക്ഷേ പോലീസ് കസ്റ്റഡിയിൽ മരണമുണ്ടായതിന്റെ പേരിൽ നാട്ടുകാരെ പ്രതിയാക്കാൻ പോലീസ് ശ്രമിക്കുകയും അതിന് ഗവൺമെന്റ് കൂട്ടുനില്ക്കുകയും ചെയ്യുന്നത് ആദ്യത്തെ സംഭവമാണ്. മുഖ്യമന്ത്രി ഇവിടെ പറഞ്ഞു, റൂൾ 302 അനുസരിച്ച് കേസ് എടുത്തിട്ടുണ്ടെന്ന്, 302-അനുസരിച്ച് കേസ് എടുക്കാനുള്ളത് പോലീസിന്റെ പേരിലാണ്, ഇവിടെ കേസ് നാട്ടുകാരുടെ പേരിലാണ് എടുത്തിരിക്കുന്നത്. റൂൾ 323, 324 വകുപ്പനുസരിച്ച് മാത്രം കണ്ടാൽ അറിയാവുന്ന 50 പേരുടെ പേരിൽ കേസ് എടുത്തിരിക്കുകയാണ്. പോലീസ് കസ്റ്റഡിയിൽ 26 മണിക്കൂർ കഴിഞ്ഞതിനുശേഷമാണ് മോഹനൻ മരിക്കുന്നത്. ഇൻക്വസ്റ്റ് റിപ്പോർട്ടിൽ എഴുതിയിരിക്കുന്നത് മോഷണത്തെത്തുടർന്ന് നാട്ടുകാർ മർദ്ദിച്ച് പോലീസിൽ ഏല്പിച്ച് അവശനിലയിലായ മോഹനനെ ചികിത്സയ്ക്കായി പോലീസ് ജീപ്പിൽ കയറ്റി കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലേയ്ക്ക് കൊണ്ടുവരുന്ന വഴി 30-6-1999 പകൽ 3 മണിയോടുകൂടി വഴിമദ്ധ്യേ മരിച്ചു പോയിട്ടുള്ളതാകുന്നു എന്നാണ്. നാട്ടുകാർ പിടിച്ച് പോലീസിൽ ഏല്പിക്കുന്നത് 29-ാം തീയതി രാവിലെ 12 മണിയ്ക്കാണ്, സംഭവം നടക്കുന്നത് 11 മണിയ്ക്കാണ്, തൊട്ടടുത്ത പോലീസ് സ്റ്റേഷനിൽ വിവരം അറിയിക്കുകയും ടാക്സിയിൽ വന്ന് മോഹനനെ കൂട്ടികൊണ്ടുപോകുന്നതും 29-ാം തീയതി 12 മണിയ്ക്ക്, മരിച്ചുവെന്ന് ഇൻക്വസ്റ്റ് എഴുതിയിരിക്കുന്നത് 30-ാം തീയതി മൂന്ന് മണിയ്ക്ക്, നാട്ടുകാർ മർദ്ദിച്ച് പരിക്കേൽപ്പിച്ച മോഹനനെ പോലീസിൽ ഏൽപിച്ചാൽ അദ്ദേഹത്തെ ആശുപത്രിയിൽ അല്ലേ ആക്കേണ്ടത് ? ഇൻക്വസ്റ്റ് റിപ്പോർട്ടിൽ അദ്ദേഹത്തിന്

LIBRARY ARCHIVES Kerala Legislative Assembly

നിരവധി പരിക്കുണ്ടെന്ന് പറഞ്ഞിട്ടുണ്ട്. അത്രയും പരിക്ക് പറ്റിയ ഒരു പ്രതിയെ 26 മണിക്കൂർ സമയം പോലീസ് സ്റ്റേഷനിൽ പ്രാഥമിക ചികിത്സാ സൗകര്യം പോലും നല്കാതെ ഇട്ടിരുന്നുവെന്ന് പറഞ്ഞാൽ എന്താണ് സ്ഥിതി ? അതിൽനിന്നു തന്നെ വളരെ വ്യക്തമല്ലേ നാട്ടുകാർ ഏല്പിക്കുമ്പോൾ ഒരു പരിക്കും ഇല്ലായിരുന്നു എന്നത്. നാട്ടുകാർ കൊല്ലാൻ വേണ്ടി ഏല്പിച്ചതല്ല. നിയമപരമായ നടപടിക്കുവേണ്ടി ഏല്പിച്ചതാണ്. മോഹനൻ എന്ന ചെറുപ്പക്കാരനെ 26 മണിക്കൂർ സമയം ലോക്കപ്പിലിട്ട് ക്രൂരമായി മർദ്ദിച്ച് കൊലപ്പെടുത്തുകയാണ് ചെയ്തത്. ഇന്നിപ്പോൾ നാട്ടുകാർക്ക് ജീവിക്കുവാൻ നിവൃത്തിയില്ല. ഇവിടെ ആണുങ്ങൾ ആരുമില്ല, പോലീസ് വീട്ടിൽ കയറി ഭീഷണിപ്പെടുത്തുകയാണ്. മരിച്ച ആളിന്റെ വീട്ടിൽ കയറി പോലീസ് റെയ്ഡ് നടത്തുക എന്ന് പറഞ്ഞാൽ, ഇന്നുവരെ ഇങ്ങനെ കേട്ടിട്ടുണ്ടോ ? മോഹനന്റെ വീട് റെയ്ഡ് ചെയ്തിരിക്കുന്നു, എല്ലാ മാധ്യമങ്ങളിലും വന്നിട്ടുള്ളതാണ്. ഏറ്റവും നീചമായിട്ടുള്ള പ്രവർത്തനങ്ങളാണ് ഇവിടെ നടക്കുന്നത്. അനേകായിരം പോലീസുകാരുള്ള ഒരു സേനയിൽ എല്ലാവരും ചെയ്യുന്ന കാര്യത്തിന് ഗവൺമെന്റിന് ഉത്തരവാദിത്വമുണ്ടെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഒരാൾ കുറ്റം ചെയ്താൽ ആ കുറ്റം ചെയ്ത ആളിനെ ശിക്ഷിക്കാൻ ഗവൺമെന്റ് തയ്യാറാകണം. അതിന് കൂട്ടുനില്ക്കുന്നത് ശരിയല്ല. കേരളത്തിൽ ഇതിനുമുൻപ് ലോക്കപ്പ് മർദ്ദനവും ലോക്കപ്പ് മരണവും ഉണ്ടായിട്ടുണ്ട്. പക്ഷേ ലോക്കപ്പ് മരണത്തിന്റെ പേരിൽ നാട്ടുകാരെ പീഡിപ്പിക്കുന്നത് ഇന്നുവരെ ഉണ്ടായിട്ടില്ല. മോഹനന്റെ കൊലപാതകത്തിന് ഉത്തരവാദികളായിട്ടുള്ള പോലീസിന്റെ പേരിൽ 302-ാം വകുപ്പനുസരിച്ച് കേസ്സെടുത്ത് നടപടി സ്വീകരിക്കണം. നാട്ടുകാരെ ദ്രോഹിക്കുന്ന നടപടി നിറുത്തണമെന്ന് ആവശ്യപ്പെടുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവകുപ്പുമന്ത്രി (ശ്രീ. ടി. ശിവദാസമേനോൻ) : സർ, പത്തനംതിട്ട ചെറുതോട് എന്ന സ്ഥലത്ത് ചെക്കാലയിൽ വീട്ടിൽ അന്നമ്മാ ജോണിന്റെ കഴുത്തിൽ ധരിച്ചിരുന്ന മാല പൊട്ടിച്ചുകൊണ്ട് ഓടിപ്പോയ പരിയാരം സ്വദേശി മോഹനനെ 29-6-1999 ന് നാട്ടുകാർ ഓടിച്ചിട്ട് പിടിക്കുകയും ബലം പ്രയോഗിച്ച് തടഞ്ഞുവയ്ക്കുകയും ചെയ്തു, തുടർന്ന് പോലീസിനെ വിവരം അറിയിച്ചതനുസരിച്ച് കീഴ്വായ്പൂർ പോലീസ് സ്റ്റേഷനിലെ ഹെഡ് കോൺസ്റ്റബിൾ സ്ഥലത്തുപോയി മോഹനനെ സ്റ്റേഷനിലേയ്ക്ക് കൂട്ടിക്കൊണ്ടു വന്നു. നാട്ടുകാർതന്നെ പിടികൂടിയപ്പോൾ ദേഹോപദ്രവം ഏൽപിച്ചതായി മോഹനൻ പോലീസിൽ പരാതിപ്പെട്ടിരുന്നു. ആ പരാതിയുടെ അടിസ്ഥാനത്തിൽ ക്രൈം 122/1999 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. 30-6-1999 ന് മോഹൻ മരണമടഞ്ഞു. മോഹനന്റെ മൃതശരീരം പോസ്റ്റുമോർട്ടം പരിശോധന നടത്തിയതിൽ കുടലിൽ ഉണ്ടായ ക്ഷതം മൂലമാണ് മരണമുണ്ടായതെന്ന് അഭിപ്രായപ്പെട്ടിട്ടുണ്ട്. മോഹനൻ മരണമടഞ്ഞതിനെത്തുടർന്ന് ഇന്ത്യൻ ശിക്ഷാനിയമം 302-ാം വകുപ്പ് ഉൾപ്പെടെ ചേർത്ത് കേസ്സ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. കേസ് അന്വേഷണച്ചുമതല ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. നാട്ടുകാർ പിടികൂടിയതുമുതൽ

LIBRARY ARCHIVES Kerala Legislative Assembly

മോഹനൻ മരണമടഞ്ഞതുവരെയുള്ള സംഭവങ്ങളെക്കുറിച്ച് വിശദമായ അന്വേഷണം നടത്തി ഒരു മുൻവിധിയുമില്ലാതെ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതാണ്. യഥാർത്ഥ കുറ്റവാളി ആരാണെങ്കിലും നടപടിയെടുക്കണമെന്ന് പോലീസിനു നിർദ്ദേശം നൽകിയിട്ടുണ്ട്. ക്രൈംബ്രാഞ്ച് കേസ്സന്വേഷണം നടത്തിക്കൊണ്ടിരിക്കുകയാണ്. ഇതിന്റെ വിശദാംശങ്ങൾ ചർച്ച ചെയ്യുവാൻ നിർവാഹമില്ല. ഇൻവെസ്റ്റിഗേഷൻ നടക്കുകയാണ്. ഇയാൾ മരിച്ചയുടനെ 302-ാം വകുപ്പ് അനുസരിച്ച് കേസ്സ് രജിസ്റ്റർ ചെയ്തു. അത് ജനങ്ങൾ പിടിച്ചുതന്നതുമുതൽ ഇദ്ദേഹം മരിയ്ക്കുന്നതുവരെയുള്ള എല്ലാ സംഭവവും ഡീറ്റെയ്ൽഡ് ആയിട്ട് ഇൻവെസ്റ്റിഗേറ്റ് ചെയ്യും. മോഹനന്റേത് സ്വാഭാവിക മരണമല്ല എന്നുള്ളത് ഉറപ്പാണ്. പോസ്റ്റുമോർട്ടം റിപ്പോർട്ടിൽ പറയുന്നത് കുടലിൽ ക്ഷതം ഏറ്റിട്ടുണ്ടെന്നാണ്. അത് ആര് ഏല്പിച്ചുവെന്നുള്ളതിനെ സംബന്ധിച്ച് കേസ് ഇൻവെസ്റ്റിഗേറ്റ് ചെയ്ത് മുഖം നോക്കാതെ പോലീസായാലും ശരി നാട്ടുകാർ ആയാലും ശരി നടപടിയെടുക്കണമെന്നാണ് ഗവൺമെന്റ് പറഞ്ഞത്. ഇന്ന ആളാണ് അക്യൂസ്ഡ് എന്ന് ഗവൺമെന്റിന് ഇപ്പോൾ പറയാൻ പറ്റുകയില്ല.....ബഹളം..... ഇൻവെസ്റ്റിഗേഷനിൽ ഇടപെടാൻ പറ്റുകയില്ല. ...ബഹളം.....

മി. സ്പീക്കർ : നോ..... നോ.... ഡിസ്കഷൻ, ഈ വിഷയം സംബന്ധിച്ച് അടിയന്തിരപ്രമേയം അവതരിപ്പിച്ചു സംസാരിച്ചതാണ്.

(2) ബത്തേരി പോലീസ് സ്റ്റേഷൻ പരിസരത്ത് നടന്ന സ്ഫോടനം

ശ്രീ. വർഗ്ഗീസ് വൈദ്യർ : സർ, ബത്തേരി പോലീസ് സ്റ്റേഷനോട് ചേർന്ന് നില്ക്കുന്ന ഊളി മരത്തിന്റെ ചുവട്ടിൽനിന്ന് ഒരു സ്ഫോടനം 2-7-1999 വെള്ളിയാഴ്ച വൈകുന്നേരം 5.05-ന് ഉണ്ടായി. ഒരു കിലോമീറ്റർ അകലത്തിൽ വരെ ഇതിന്റെ ശബ്ദം കേട്ടതായി ആളുകൾ പറയുന്നു. എന്റെ നിയോജക മണ്ഡലമായതുകൊണ്ട് ഞാൻ ആ സ്ഥലത്തെ പോലീസ് സ്റ്റേഷനിൽപോയി അന്വേഷണം നടത്തി. സ്ഫോടനം നടന്ന സ്ഥലത്തുനിന്ന മരത്തിന്റെ കൊമ്പ് പോയിട്ടുണ്ട്. സർക്കിൾ ഇൻസ്പെക്ടർ ഓഫീസിന്റെയും പോലീസ് സ്റ്റേഷന്റെയും ഭിത്തികൾക്ക് കേട്പാടുകൾ പറ്റിയിട്ടുണ്ട്. ജനാല ചില്ലുകളും തകർന്നിട്ടുണ്ട്. ഏത് രൂപത്തിലാണ് സ്ഫോടനം ആളുകൾക്ക് അറിയാൻ പാടില്ല. അന്ന് നബിദിനമായതുകൊണ്ട് സർക്കിൾ ഇൻസ്പെക്ടറും എസ്.ഐ.യും നബിദിനറാലി വീക്ഷിക്കാൻ വേണ്ടി പോയിരിക്കുകയായിരുന്നുവെന്നാണ് പറയുന്നത്. ഒന്നു രണ്ട് പോലീസുകാർ മാത്രമേ സ്ഥലത്തുണ്ടായിരുന്നുള്ളൂ. സ്ഫോടനം നടന്ന സ്ഥലത്തിനോട് ചേർന്ന് പോലീസുകാർക്ക് ആഹാരം പാചകം ചെയ്യുന്നതിനു വേണ്ടി ഒരു ഷെഡ്ഡുണ്ടായിരുന്നു, ആ ഷെഡ്ഡും തകർന്നുപോയിട്ടുണ്ട്. ഈ സ്റ്റേഷൻ ഒരു കുന്നിന്റെ പുറത്താണ്. ആ നിലയ്ക്ക് വളരെയധികം ആളുകൾ ശബ്ദം കേട്ടിട്ടുണ്ട്. ആളുകൾക്ക് ആശങ്കയുണ്ട്. ഈ സ്ഫോടനത്തെപ്പറ്റി അന്വേഷണം നടത്തണം. പോലീസുകാർ കൊണ്ടുവച്ചിരുന്ന പടക്കമോ മറ്റോയെടുത്ത് വലിച്ചെറിഞ്ഞ്, അവരുടെ അശ്രദ്ധ കൊണ്ട് സംഭവിച്ചതായിരിക്കുമെന്നാണ് എന്റെ നിഗമനം. വേണ്ട അന്വേഷണം നടത്തി നടപടിയെടുക്കാൻ തയ്യാറാകണം.

LIBRARY ARCHIVES Kerala Legislative Assembly